**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1477** **12-02-2025 - ൽ മറുപടിയ്ക്ക്**

**വിഷൻ & മിഷൻ വഴി തീർപ്പാക്കിയ കേസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആരംഭിച്ച വിഷൻ & മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എത്രത്തോളം ഫലം കൈവരിച്ചുവെന്ന കാര്യത്തിൽ സോഷ്യൽ ഓഡിറ്റിങ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സോഷ്യൽ ഓഡിറ്റിങ് നടത്തിയിട്ടില്ല. വിഷൻ & മിഷൻ 2021-26 ന്റെ ഭാഗമായി എല്ലാ ജില്ലകളിലെയും ജനപ്രതിനിധികളെ ഉൾപ്പെടുത്തി മീറ്റിങ്ങുകൾ സംഘടിപ്പിക്കുകയും അതിൽ ബഹു. എം.എൽ.എമാർ ഉന്നയിച്ച പരാതികൾ, ആക്ഷേപങ്ങൾ, അഭിപ്രായങ്ങൾ എന്നിവ ഉൾപ്പെടുത്തി ഡാഷ് ബോർഡ് സജ്ജീകരിച്ച് നടപടി സ്വീകരിച്ചു വരുന്നതുമാണ്. ഡാഷ് ബോർഡിൽ നിന്നും തന്നെ വിഷയങ്ങളുടെ പുരോഗതി വിവരം ലഭ്യമാക്കുന്ന തരത്തിലാണ് ഡാഷ് ബോർഡ് സജ്ജീകരിച്ചിരിക്കുന്നത്. |
| (ബി) | മന്ത്രിയുടെയും വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ ജനപ്രതിനിധികൾ നേരിട്ടും രേഖാമൂലവും പരിഹാരം ആവശ്യപ്പെട്ട വിഷയങ്ങളിന്മേൽ പൂർണ്ണമായും പരിഹാരം കാണുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | സർക്കാർ നയപരമായി തീരുമാനങ്ങൾ കൈക്കൊള്ളേണ്ടവയും കോടതി കേസുകളിൽ ഉൾപ്പെട്ടവയും ഒഴികെയുള്ള 100% തീർപ്പാക്കിയിട്ടുള്ളതാണ്. എറണാകുളം ജില്ലയിലെ ജനപ്രതിനിധികൾ നേരിട്ടും രേഖാമൂലവും പരിഹാരം ആവശ്യപ്പെട്ട വിഷയങ്ങളിൽ വിഷൻ ആൻഡ് മിഷൻ ഓൺലൈൻ പോർട്ടലിൽ ലഭിച്ച 160 അപേക്ഷകളിൽ 159 അപേക്ഷകൾക്ക് നടപടി സ്വീകരിച്ച് മറുപടി ബഹു. ജനപ്രതിനിധികൾക്ക് നൽകിയിട്ടുള്ളതാണ്. |
| (സി) | വിഷൻ ആന്റ് മിഷനിൽ അങ്കമാലി മണ്ഡലത്തിന്റെ ജനപ്രതിനിധി തുടർച്ചയായി ഉന്നയിച്ചിട്ടുള്ളതും അവസാനം കൂടിയ യോഗത്തിൽ നൽകിയ കത്തിലെ ഒൻപത് വിഷയങ്ങളിൽ ഏതെല്ലാം കാര്യങ്ങളാണ് തീർപ്പാക്കിയതെന്നും നയപരമായി തീർപ്പാക്കാൻ ശിപാർശ ചെയ്ത കേസ്സുകളിൽ തീർപ്പാക്കിയവയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ; | (സി) | അങ്കമാലി മണ്ഡലത്തിലെ ബഹുമാനപ്പെട്ട ജനപ്രതിനിധി 9 വിഷയങ്ങൾ ഉന്നയിച്ചിട്ടുള്ളതാണ്. ആയതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | വിഷൻ ആന്റ് മിഷനിൽ തീർപ്പാക്കുമെന്ന് ഉറപ്പ് നൽകിയ വിഷയങ്ങൾ അടിയന്തരമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; അങ്കമാലി മണ്ഡലത്തിൽ നയപരമായ തീരുമാനം വേണമെന്ന് | (ഡി) | നടപടി സ്വീകരിച്ചു വരുന്നു. അങ്കമാലി മണ്ഡലവുമായി ബന്ധപ്പെട്ട് വിഷൻ ആൻഡ് മിഷനിൽ ഉന്നയിക്കപ്പെട്ട ചില വിഷയങ്ങളിൽ സർക്കാർ തലത്തിൽ തീരുമാനം ആവശ്യമുള്ളതിനാൽ |

| | | | |
|---|---|---|---|
| | ശിപാർശ ചെയ്ത വിയങ്ങളിന്മേൽ തീരുമാനം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ? | | ഇക്കാര്യങ്ങളിൽ വിശദമായ പരിശോധനങ്ങൾക്ക് ശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

**1) . ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസ് എല്ലാ താലൂക്കുകാർക്കും സൗകര്യപ്രദമായ സ്ഥലത്ത് മാറ്റി സ്ഥാപിക്കണം/ കളക്ടറേറ്റിലും മറ്റും പകരം സംവിധാനം ഏർപ്പെടുത്തണം**

ഫോർട്ട് കൊച്ചി ആർ.ഡി ഓഫീസിന്റെ പരിധിയിൽ ആലുവ, കൊച്ചി, കണയന്നൂർ, പറവൂർ എന്നീ 4 താലൂക്കുകൾ ആണുള്ളതെന്നും, ടി താലൂക്കുകളിൽ നിന്നും ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകരാണ് അന്വേഷണത്തിന് വന്നിരുന്നതെന്നും, എന്നാൽ 7/6/2024-ലെ 5 4 ബി2/2023 വിജ്ഞാപനപ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസറെ കൂടാതെ ഡെപ്യൂട്ടി കളക്ടർ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥരെ കൂടി നിയമിച്ച് അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിന്റെ ഭാഗമായി കൊച്ചി താലൂക്കിലെ അപേക്ഷകൾ ഒഴികെ മറ്റെല്ലാ താലൂക്കുകളിലെയും അപേക്ഷകൾ കളക്ടേറ്റിലാണ് പരിഗണിക്കുന്നത്. ആയതിനാൽ ഈ കാര്യത്തിനായി പൊതു ജനങ്ങൾക്ക് ഇവിടെ വരേണ്ട കാര്യമില്ലാത്തതാണ്. കൂടാതെ മുതിർന്ന പൗരന്മാരുടെ ക്ഷേമവുമായി ബന്ധപ്പെട്ട് അപേക്ഷകൾ സബ് കളക്ടർ അതാത് താലൂക്കുകളിൽ പോയി നേരിട്ട് കേൾക്കുവാൻ തീരുമാനിച്ചിട്ടുള്ളതിനാൽ മുതിർന്ന പൗരന്മാർക്കും ഈ കാര്യാലയത്തിൽ വരേണ്ട സാഹചര്യമില്ലാത്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ പുതിയ അന്വേഷണ കൗണ്ടർ പണിപൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതായും, ഇതേ ബിൽഡിംഗിൽ തന്നെ സബ്കളക്ടറുടെ പുതിയ ചേംബറിന്റെ പണി പൂർത്തിയായി വരുന്നതാണെന്നും, ആയതിനാൽ ടി കാര്യാലയം ഇവിടെ തന്നെ നിലനിർത്തുന്നതു ഉചിതമായി കാണുന്നുവെന്നും ഫോർട്ട് കൊച്ചി സബ്കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ജില്ലാ കളക്ടർ ബഹുമാനപ്പെട്ട ജനപ്രതിനിധിയെ അറിയിച്ചിട്ടുള്ളതാണ്.

**2). കുറുകുറ്റി വില്ലേജ് ഓഫീസിന്റെ കെട്ടിടം പൊളിച്ച് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം വേഗത്തിൽ പൂർത്തിയാക്കണം.**

പഴയ വില്ലേജ് ഓഫീസ് കെട്ടിടം പൊളിക്കുന്നതിനും, വില്ലേജ് ഓഫീസ് പ്രവർത്തനം താത്കാലികമായി പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനും, തീരുമാനമായിട്ടുള്ളതും, നടപടികൾ നടന്നു വരുന്നതുമാണ്. കൂടാതെ മിനിസിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് സൈറ്റ് പ്ലാൻ, സാഫ് ഡീറ്റെയിൽസ് ഉൾകൊള്ളിക്കേണ്ട സൗകര്യങ്ങളുടെ വിശദാംശങ്ങൾ, എഫ്.എം.ബി എന്നിവ സഹിതം അസിസ്റ്റൻറ് എക്സിക്യൂട്ടിവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പിന് കത്ത് നൽകിയിട്ടുള്ളതും, തുടർനടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

**3 ) . അങ്കമാലി ബൈപ്പാസ് നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിൽ പ്രവർത്തിയുടെ അടിയന്തിര സ്വഭാവം കണക്കിലെടുത്ത് ഭൂമി ഏറ്റെടുക്കുന്നതിന് വേഗത കൂട്ടണം.**

അങ്കമാലി എയർപോർട്ട് ബൈപ്പാസിന്റെ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് അങ്കമാലി വില്ലേജിലെ ന്യായവില രജിസ്റ്ററിൽ പിശകുകൾ ഉള്ളതിനാൽ Site Inspection നടത്തി ന്യായവില പുനർനിർണ്ണയിച്ച് ലഭിച്ചാൽ മാത്രമേ B V R തയ്യാറാക്കി സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ എന്ന വിവരം ജില്ലാ കളക്ടർ ബഹുമാനപ്പെട്ട ജനപ്രതിനിധിയെ അറിയിച്ചിട്ടുള്ളതാണ്.

**4 ) . അയ്യമ്പുഴ പഞ്ചായത്തിലെ 1 2 0 കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കണം.**

അയ്യമ്പുഴ പഞ്ചായത്തിലെ 120 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഭൂരിഭാഗം അപേക്ഷകരുടേയും കൈവശ വസ്തുവിന്റെ സ്കെച്ച് മഹസ്സർ ഉൾപ്പടെ തയ്യാറാക്കി കഴിഞ്ഞിട്ടുള്ളതുമാണ് എന്ന വിവരം ജില്ലാ കളക്ടർ ബഹുമാനപ്പെട്ട ജനപ്രതിനിധിയെ അറിയിച്ചിട്ടുള്ളതാണ്.

**5). തുറവൂർ വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിന് 50 ലക്ഷം അനുവദിച്ചിരുന്നു. നിലവിൽ പ്രസ്തുത കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്ത് മറ്റ് ചില ഓഫീസുകൾക്ക് കൂടി സ്ഥലം കണ്ടെത്തേണ്ടതായിട്ടുണ്ട്. ആയതിനാൽ തുറവൂർ വില്ലേജ് ഓഫീസ് സ്ഥിതി ചെയുന്ന സ്ഥലത്ത് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുക.**

തുറവൂർ വില്ലേജ് ഓഫീസ് നിർമ്മിക്കുന്ന സ്ഥലത്ത് ചില ഓഫീസുകൾക്ക് കൂടി സ്ഥലം കണ്ടെത്തേണ്ടതിനാൽ ടി സ്ഥലത്ത് മിനിസിവിൽ സ്റ്റേഷൻ നിർമ്മിക്കണമെന്ന ബഹു. അങ്കമാലി എം.എൽ.എ വിഷൻ ആൻഡ് മിഷനിൽ ഉന്നയിച്ച ആവശ്യം സംബന്ധിച്ച്, തുറവൂർ സ്മാർട്ട് വില്ലേജ് നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുള്ളതും, നിലവിൽ ടി സ്ഥലത്ത് സ്ഥിതി ചെയ്യുന്ന വി.ഇ.ഒ കെട്ടിടം പൊളിച്ച് മാറ്റുന്നതിന് നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിൽ തുറവൂർ ഗ്രാമപഞ്ചായത്തിലെ വി.ഇ.ഒമാർക്ക് ഓഫീസ് സൗകര്യം അനുവദിച്ചു നൽകണമെന്ന വ്യവസ്ഥയിൽ നടപടികൾ നടന്നു വരുന്നതാണ്. അന്തിമ അനുമതിയ്ക്കായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് ശിപാർശ നൽകിയിട്ടുള്ളതായി അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കത്ത് നൽകിയിട്ടുള്ളതായി ആലുവ തഹസീൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മിനിസിവിൽ സ്റ്റേഷൻ നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ ഒന്നും നിലവിൽ ഇല്ലാത്തതാണെന്ന വിവരം ജില്ലാ കളക്ടർ ബഹുമാനപ്പെട്ട ജനപ്രതിനിധിയെ അറിയിച്ചിട്ടുള്ളതാണ്.

**6). തുറവൂർ വില്ലേജിൽ 3.5 ഏക്കർ സർക്കാർ പുറമ്പോക്ക് സ്വകാര്യ വ്യക്തി കൈവശം വച്ചിരിക്കുന്നത് തിരികെ പിടിച്ച് സർക്കാർ ഐ.ടി.ഐ. ക്ക് കൈമാറുന്നത് സംബന്ധിച്ച്.**

ആലുവ താലൂക്ക്, തുറവൂർ വില്ലേജ് ബ്ലോക്ക് 13, റീസർവ്വേ 534/4-ൽ പ്പെട്ട 01.31.20 ഹെക്ടർ സർക്കാർ പുറമ്പോക്ക് ഭൂമി അനധികൃതമായി കൈവശം വച്ച് വരുന്ന ശ്രീമതി കുഞ്ഞമ്മ ആന്റണിയുടെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി കേരള ഭൂസംരക്ഷണ നിയമ പ്രകാരം ആലുവ ഭൂരേഖ തഹസിൽദാർ നടപടി എടുക്കുകയും ഇതിനെതിരെ കയ്യേറ്റ കക്ഷി ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസർ മുൻപാകെ സമർപ്പിച്ചിരുന്ന അപ്പിൽ അപേക്ഷ 21.02.2019 തീയതി ആർ.ഡി.ഒ നിരസിച്ചിട്ടുള്ളതും, തുടർന്ന് ആർ.ഡി.ഒ യുടെ ഉത്തരവിനെതിരെ ജില്ലാ കളക്ടർ മുൻപാകെ റിവിഷൻ ഹർജി സമർപ്പിക്കുകയും ആയത് 05.03.2020 തീയതി ജില്ലാ കളക്ടർ നിരസിച്ച് ഉത്തരവായിട്ടുള്ളതുമാണ്. ജില്ലാ കളക്ടറുടെ ഉത്തരവിനെതിരെ കയ്യേറ്റ കക്ഷി ബഹു ഹൈക്കോടതി മുൻപാകെ WP(C) 8795//2020 നമ്പർ കേസ് ഫയൽ ചെയ്യുകയുണ്ടായി. ടി കേസ് ഇപ്പോഴും കോടതിയുടെ പരിഗണനയിലാണ്. ഹൈക്കോടതിയിൽ ഈ കേസ് നടന്നു വരുന്നതാണെന്നും കോടതിയുടെ അന്തിമ തീരുമാനത്തിന് വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള വിവരം ജില്ലാ കളക്ടർ ബഹു. ജനപ്രതിനിധിയെ അറിയിച്ചിട്ടുള്ളതാണ്.

**7). മലയാറ്റൂർ വില്ലേജിലെ എഫ്.ഐ.റ്റി. യുടെ കുത്തക പാട്ടഭൂമി ഏറ്റെടുത്ത് സർക്കാർ സ്കൂളിന് ഗ്രൗണ്ടിന് കൈമാറണം.**

പ്രസ്തുത വസ്തു മലയാറ്റൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 22 ൽ റീസർവ്വേ നമ്പർ 22 ൽ പെട്ടതും 2.26.80 ഹെക്ടർ വിസ്തീർണ്ണം വരുന്ന സർക്കാർ പുറമ്പോക്കുമാണ്. ആയത് FIT കമ്പനിക്ക് കുത്തകപാട്ടം അനുവദിച്ചിരുന്നതും നിലവിൽ പാട്ടം ഒഴിഞ്ഞു നടപടി ആയിരിക്കുന്ന വസ്തു ആണെന്നും ടി വസ്തു റീസർവ്വേ നമ്പർ 22-ൽ 02.226.80 ഹെക്ടർ വിസ്തീർണ്ണത്തിൽ നിന്നും PF 03/2004 പ്രകാരം KWAയ്ക്ക് മാർക്കറ്റ് വില ഈടാക്കി പട്ടയം അനുവദിച്ചിട്ടുണ്ട്. തുടർന്നും പതിച്ചു വന്നിട്ടുള്ള മറ്റു കൈവശങ്ങളും കിഴിച്ചു വില്ലേജ് റെക്കോർഡ് പ്രകാരം 87.66 ആർ വസ്തു ശേഷിക്കുന്നു. ടി വസ്തുവിന്റെ കിഴക്കു വശം തോട്ടം, പടിഞ്ഞാറു വശം FIT റോഡിന്റെ തെക്കുവശം, വാട്ടർ അതോറിറ്റി (വാട്ടർ പ്യൂരിഫിക്കേഷൻ പ്ലാന്റ് ) അടക്കം പ്രത്യേകം മതിൽ കെട്ടി സംരക്ഷിച്ചു വരുന്ന വസ്തുവും വടക്കുവശം പട്ടയം നൽകിയിട്ടുള്ള വസ്തുക്കളും ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷ പ്രകാരം ഉള്ള വസ്തു നിലവിൽ കളിസ്ഥലം ആയി ഉപയോഗിച്ചു വരുന്നു. വിവിധ ആവശ്യങ്ങൾക്ക് ടി വസ്തു കൈമാറിയിട്ടുള്ളതിനാൽ ശേഷിക്കുന്ന ഭൂമി അളന്നു തിട്ടപ്പെടുത്തുന്നതിനു താലൂക്ക് സർവേയറുടെ സേവനം ആവശ്യമാണെന്നും, ടി സാഹചര്യത്തിൽ വാല്യുവേഷൻ റിപ്പോർട്ട് തയ്യാറാക്കുന്നത് അടക്കമുള്ള തുടർ നടപടിക്ക് സർവേയറുടെ സേവനം ഉപയോഗപ്പെടുത്തി അടിയന്തിര റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്ന് ആലുവ തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്ന വിവരം ജില്ലാ കളക്ടർ ബഹുമാനപ്പെട്ട ജനപ്രതിനിധിയെ അറിയിച്ചിട്ടുള്ളതാണ്.

**8 ) . റവന്യൂ പുറമ്പോക്ക് ജനവാസ കേന്ദ്രങ്ങളിൽ വെറുതെ കാട് പിടിച്ച് കിടക്കുന്നത് മൂലം പ്രദേശവാസികൾക്കുണ്ടാകുന്ന പ്രശ്നം വളരെ വലുതാണ്. ഇത്തരം കേന്ദ്രങ്ങൾ കളിസ്ഥലമായും പാർക്കുകളായും മാറ്റം വരുത്തുന്നതിന് സർക്കാർ അടിയന്തിര നിർദ്ദേശം കളക്ടർമാർക്ക് നൽകണം.**

റവന്യൂ പുറമ്പോക്ക് ജനവാസ കേന്ദ്രങ്ങളിൽ വെറുതെ കാട്ടു പിടിച്ചുകിടക്കുന്നതു മൂലം പ്രദേശ വാസികൾക്കുണ്ടാകുന്ന പ്രശ്നം വളരെ വലുതാണെന്നും, ടി കേന്ദ്രങ്ങൾ കളിസ്ഥലമായും, പാർക്കുകളായും മാറ്റം വരുത്തുന്നതിന് സർക്കാർ തലത്തിൽ തീരുമാനം ആവശ്യമുള്ളതിനാലാണ് തീരുമാനം വൈകുന്നത് എന്ന് ജില്ലാ കളക്ടർ ബഹുമാനപ്പെട്ട ജനപ്രതിനിധിയെ അറിയിച്ചിട്ടുള്ളതാണ്. ഇക്കാര്യത്തിൽ സർക്കാരിൽ പ്രൊപോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ചു തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**9). അങ്കമാലി കേന്ദ്രീകരിച്ച് അങ്കമാലി താലൂക്ക് രൂപീകരിക്കുക.**

സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് സർക്കാരിന് അധിക സാമ്പത്തിക ഭാരം വരുത്തി വയ്ക്കുന്ന ഇത്തരം ശിപാർശകൾ തൽക്കാലം പരിഗണിക്കേണ്ടതില്ലായെന്ന പൊതു നിലപാട് സർക്കാർ എടുത്തിട്ടുള്ളതായ വിവരം ജില്ലാ കളക്ടർ ബഹുമാനപ്പെട്ട ജനപ്രതിനിധിയെ അറിയിച്ചിട്ടുള്ളതാണ്.